**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2258** **13-09-2023 - ൽ മറുപടിയ്ക്ക്**

**കസ്റ്റഡിമരണങ്ങളും ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഏതെല്ലാം ജില്ലകളിലാണ് കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുള്ളത്; കണക്കുകൾ ലഭ്യമാക്കുമോ; | (എ) | തിരുവനന്തപുരം കണ്ണൂർ, പാലക്കാട്, എറണാകുളം, തൃശ്ശൂർ, മലപ്പുറം ജില്ലകളിലായി 6 മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. |
| (ബി) | മുൻ സർക്കാരിന്റെ കാലയളവിൽ എത്ര കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഏതെല്ലാം ജില്ലകളിലാണ് കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുള്ളത്; കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | മലപ്പുറം, കണ്ണൂർ, ആലപ്പുഴ, പാലക്കാട്, എറണാകുളം, കോഴിക്കോട്, കോട്ടയം, കാസറഗോഡ്, തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി ജില്ലകളിലായി ഒരു ജുഡീഷ്യൽ കസ്റ്റഡിമരണം ഉൾപ്പെടെ 11 മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | മുൻ സർക്കാർ കാലയളവിലും നിലവിലെ സർക്കാർ അധികാരമേറ്റ ശേഷവും കസ്റ്റഡി മരണങ്ങളുമായി ബന്ധപ്പെട്ട് എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; എത്ര പേരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്; സസ്പെൻഡ് ചെയ്ത എത്ര പേരെ തിരിച്ചെടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | മുൻ സർക്കാർ കാലയളവിലും നിലവിലെ സർക്കാർ അധികാരമേറ്റ ശേഷവും കസ്റ്റഡി മരണങ്ങളുമായി ബന്ധപ്പെട്ട് 40 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 22 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. 13 പേരെ തിരിച്ചെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ